ചെയ്യുന്നതിന് സർക്കാർ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(സി) ഇതിനായി ധനകാര്യബില്ലിൽ എന്തെങ്കിലും വ്യവസ്ഥയുണ്ടോ; എങ്കിൽ എന്താണെന്ന് വെളിപ്പെടുത്തുമോ;

(ഡി) വാറ്റ് സമ്പ്രദായം നടപ്പാക്കുന്ന ആദ്യഘട്ടത്തിൽ ചെറുകിട കച്ചവട സ്ഥാപനങ്ങളേയും മറ്റും വാറ്റിൽ നിന്നും ഒഴിവാക്കിയിട്ടുണ്ടോ?

ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി (*ശ്രീ. വക്കം പുരുഷോത്തമൻ*):

(എ) ഉണ്ട്.

(ബി) വാണിജ്യ നികുതി വകുപ്പിന്റെ ഓഫീസുകളിലെ നിലവിലുള്ള ഉദ്യോഗസ്ഥന്മാരിൽ കുറച്ചുപേരെ വില്പന നികുതി നിയമ പ്രകാരം നികുതി നിർണ്ണയിക്കുവാനും അതുമായി ബന്ധപ്പെട്ട കുടിശ്ശിക പിരിക്കുവാനും നിയോഗിക്കാൻ തീരുമാനിച്ചിട്ടുണ്ട്.

(സി) ഉണ്ട്. 2005-ലെ ധനകാര്യ നിയമത്തിൽ വകുപ്പ് 98(4)-ൽ നികുതി ഇനത്തിൽ പിരിഞ്ഞുകിട്ടാനുള്ള തുക കളക്ട് ചെയ്യുന്നതിന് സഹായകമായ വ്യവസ്ഥ ചെയ്തിട്ടുണ്ട്.

(ഡി) വാറ്റ് നിയമത്തിന്റെ പരിധിയിൽ നിന്നും മറ്റ് സംസ്ഥാനങ്ങളിൽ നിന്നും വിഭിന്നമായി 10 ലക്ഷം രൂപ വരെ വാർഷിക വിറ്റുവരവുള്ള ചെറുകിട വ്യാപാരികളെ ഒഴിവാക്കിയിട്ടുണ്ട്.

വരൾച്ച ദുരിതാശ്വാസ നടപടികൾ

*19 [670] *ശ്രീ. എ. എ. അസീസ്:*

„ *കോവൂർ കുഞ്ഞുമോൻ:* താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വരൾച്ച മൂലം സംസ്ഥാനത്തിന്റെ പല ഭാഗങ്ങളിലും കുടിവെള്ളക്ഷാമം അനുഭവപ്പെടുന്നത് കണക്കിലെടുത്ത് ട്യൂബ് വെല്ലുകൾ, ബോർവെല്ലുകൾ എന്നിവകളുടെ അറ്റകുറ്റപ്പണികൾ തീർക്കുവാനും ഓപ്പൺ വെല്ലുകളുടെ വികസനത്തിനും പെപ്പ് ലൈനുകൾ നീട്ടുന്നതിനും ആവശ്യമായ ഫണ്ട് ജില്ലാ കളക്ടർമാർക്ക് നൽകുന്നതിന് സത്വര നടപടി കൈക്കൊള്ളുമോ?

LIBRARY ARCHIVES Kerala Legislative Assembly

ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി *(ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ)*:

വരൾച്ച മൂലമുള്ള കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിനായി ജില്ലാ കളക്ടർമാർ ആവശ്യപ്പെടുന്ന മുറയ്ക്ക് പ്രകൃതിക്ഷോഭ ദുരിതാശ്വാസ നിധിയിൽ നിന്നും റവന്യൂ വകുപ്പ് തുക അനുവദിച്ചു വരുന്നുണ്ട്. കുടിവെള്ളക്ഷാമം അനുഭവപ്പെടുന്നത് കണക്കിലെടുത്ത് ട്യൂബ് വെല്ലുകൾ, ബോർവെല്ലുകൾ എന്നിവകളുടെ അറ്റകുറ്റപ്പണികൾ തീർക്കുവാനും, ജലസ്രോതസ്സുകൾ മെച്ചപ്പെടുത്തുന്നതിനും, പൈപ്പ് ലൈനുകൾ നീട്ടുന്നതിനും മറ്റും ഈ ഫണ്ട് ഉപയോഗിക്കാവുന്നതാണ്. സാമ്പത്തിക ലഭ്യത അനുസരിച്ച് മറ്റ് കർമ്മ പരിപാടികളും ഏറ്റെടുക്കുന്നതാണ്.

മത്സ്യഫെഡിന്റെ മത്സ്യസംഭരണം

*20 [671] *ശ്രീ. കെ. എ. ചന്ദ്രൻ:*

„ എം. കെ. പോൾസൺ മാസ്റ്റർ:

„ വി. ജെ. പൗലോസ്:

ഡോ. എം. എ. കുട്ടപ്പൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മത്സ്യഫെഡ് മത്സ്യം കയറ്റുമതി ചെയ്യുന്നുണ്ടോ;

(ബി) എങ്കിൽ അതിനുള്ള മത്സ്യം സംഭരിക്കുന്നതെപ്രകാരമാണ്;

(സി) ഈ വർഷം സംഭരിച്ചത് എത്ര ടൺ മത്സ്യമാണ്;

(ഡി) ഇതിന്റെ എത്ര ശതമാനം മത്സ്യത്തൊഴിലാളികളിൽ നിന്നും സംഭരിച്ചു എന്ന് വിശദമാക്കാമോ?

ഫിഷറീസും സ്പോർട്സും വകുപ്പുമന്ത്രിക്കുവേണ്ടി ഊർജ്ജ വകുപ്പുമന്ത്രി *(ശ്രീ. ആര്യാടൻ മുഹമ്മദ്)*:

(എ) ഉണ്ട്.

(ബി) മത്സ്യ ഫെഡിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള സൊസൈറ്റികളിൽ നിന്നുമാണ് സംഭരിക്കുന്നത്. ആയത് കയറ്റുമതിക്ക് തികയാതെ വരുമ്പോൾ മറ്റ് ലാന്റിംഗ് സെന്ററുകളിൽ നിന്നും ശേഖരിക്കാറുണ്ട്.

(സി) ഈ വർഷം മൊത്തം 579.63 ടൺ മത്സ്യം സംഭരിച്ചിട്ടുണ്ട്.

(ഡി) ഇതിന്റെ 89% മത്സ്യത്തൊഴിലാളികളിൽ നിന്നും സംഭരിച്ചു.

LIBRARY ARCHIVES Kerala Legislative Assembly